# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

GOVT

# ജി.എൽ.പി.എസ് കൈതക്കോട്

സ്കൂളിന്റെ പേര് : ജി.എൽ.പി.എസ് കൈതക്കോട്

പഞ്ചായത്ത് : പവിത്രേശ്വരം

വാർഡ് : X11

ഏരിയ : 51 സെന്റ്

സർവ്വേ നമ്പർ : 178/2

ബ്ലോക്ക് : വെട്ടിക്കവല

ജില്ല : കൊല്ലം

ക്ലസ്റ്റർ സ്കൂൾ : ജി.ഡബ്ല്യു.എൽ.പി. എസ് പാങ്ങോട്

എച്ച് എം : മണി. ബി

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- [illegible]
- പൊതുലക്ഷ്യങ്ങൾ
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥ വിശകലനം
- മികവിനായിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോ ണിറ്ററിംഗ് രീതി
- ഉപസംഹാരം

# ആമുഖം

പവിത്രേശ്വരം പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ജി എൽ പി എസ് കൈതക്കോട്. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് മഹനീയ പാരമ്പര്യമുള്ള ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്തത് 1944 ആണ് . കൈതക്കോട് ദേശ വാസികൾക്ക് തലമുറകളായി വിദ്യാഭ്യാസം നൽകാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

സ്കൂൾ കോമ്പൗണ്ടിൽ രണ്ട് കെട്ടിടമാണ് ഉള്ളത് . ഓടിട്ട പഴയ കെട്ടിടത്തിൽ അഞ്ചു മുറികളും വാർത്ത കെട്ടിടത്തിൽ മൂന്നു മുറികളും ഉണ്ട് .പഴയ കെട്ടിടത്തിൽ പ്രൈമറി ക്ലാസുകളും വാർത്ത കെട്ടിടത്തിൽ സ്റ്റാഫ് റൂമും പ്രീ പ്രൈമറി ആണ് പ്രവർത്തിക്കുന്നത് . 2012 സെപ്റ്റംബർ മുതൽ പ്രീ പ്രൈമറിയും ഇവിടെ പ്രവർത്തിച്ചുവരുന്നു.

# <u>വിദ്യാലയത്തിന്റെ ലഘു ചരിത്രം</u>

ധാരാളം കുട്ടികൾ വിദ്യ അഭ്യസിച്ചിരുന്ന ഒരു സ്ഥാപനമായിരുന്നു ഇത്. സമൂഹത്തിൽ ഉന്നത നിലകളിൽ എത്തിയവർ പലരും ഈ സ്കൂളിൽ പഠിച്ചവരാണ് .

ചുറ്റും എയ്ഡഡ് ,അൺ എയ്ഡഡ് വിദ്യാലയങ്ങൾ വന്നതോടെ വിദ്യാർഥികളുടെ എണ്ണം കുറയാൻ തുടങ്ങി . സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പോലും അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുകയാണ് .ഇതുമൂലം കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു വരികയാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- കൃത്യമായ ക്ലാസ്റൂം
- ലൈബ്രറി പുസ്തക വിതരണവും കുറിപ്പ് തയ്യാറാക്കലും
- പ്രതിദിന അസംബ്ലിയും ദിനാചരണങ്ങളും ആഘോഷങ്ങളും
- ഇംഗ്ലീഷ് സംഭാഷണ പരിശീലനം
- അസംബ്ലിയിൽ വാർത്താ വായന , ക്വിസ് ,ഇംഗ്ലീഷ് വാക്കുകൾ ,കടങ്കഥ ,പഴഞ്ചൊല്ലുകൾ ,മഹത് വചനം തുടങ്ങിയവ ഉൾപ്പെടുത്തുന്നു .
- ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി കൊണ്ടുള്ള പഠനം
- കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനുള്ള അവസരം
- ഗണിതശാസ്ത്ര-ശാസ്ത്ര - പ്രവർത്തി പരിചയമേളകളിലും മികവുത്സവത്തിലുമുള്ള വിജയം

- സ്കൂൾ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള പരീക്ഷണ നിരീക്ഷണങ്ങൾ നടത്തൽ നടത്തലും കുറിപ്പ് തയ്യാറാക്കലും
- ഓരോ അധ്യായന വർഷവും നടത്തുന്ന പഠന യാത്ര
- കൃത്യമായ മൂല്യനിർണയ പരിഹാര ബോധന പ്രവർത്തനങ്ങൾ
- മാസത്തിലൊരിക്കൽ നടത്തുന്ന ക്ലാസ് പി ടി എ
- നാലാം ക്ലാസിലെ കുട്ടികൾക്കായുള്ള എൽ. എസ് .എസ് പരിശീലനം
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തി കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നൽകി മുൻനിരയിലേക്ക് കൊണ്ടുവരുന്നു
- പ്രധാന ദിനാചരണങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തുകയും അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുൻകൂട്ടി എസ്.ആർ. ജിയിൽ തയ്യാറാക്കുകയും ചെയ്യും .അസംബ്ലി കൂടുതൽ മികവുറ്റതാക്കും .
- ഉച്ച ഭക്ഷണം കൂടുതൽ പോഷക സമൃദ്ധം ആക്കുകയും അത് മോണിറ്റർ ചെയ്യുന്നതിന് നൂൺ മീൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്യും .ആകർഷകമായ ഒരു ഭക്ഷണശാലയും ഭോജന ശാലയും സ്കൂൾ വിഭാവനം ചെയ്യുന്നു

- വിദ്യാഭ്യാസം ശാസ്ത്രീയമായി ശിശു കേന്ദ്രീകൃതമാക്കും .പഠനം കൂടുതലും കമ്പ്യൂട്ടർ അധിഷ്ഠിതമാണ് .സ്കൂളിൽ കുട്ടികളുടെ പഠനത്തിനായി മൂന്നു ലാപ്ടോപ്പും രണ്ട് പ്രൊജക്ടറുകളും ഉണ്ട് .
- പഞ്ചായത്തിന്റെ ഇടപെടൽ മൂലം വിദ്യാലയത്തിൽ പ്രഭാത ഭക്ഷണ വിതരണം നടക്കുന്നുണ്ട് .

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കൽ
- രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കൽ
- പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് എസ്.ആർ.ജി ,എസ്. എസ് .ജി പിന്തുണ ഉറപ്പാക്കൽ
- വിദ്യാലയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കൽ
- കുട്ടികളിൽ മാനുഷിക മൂല്യങ്ങളും സന്മനോഭാവവും വളർത്തിയെടുക്കുക
- ഒന്നുമുതൽ നാലു വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതതുവർഷം നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പാക്കൽ
- നാലാം ക്ലാസിൽ നിന്നും പഠിച്ചിറങ്ങുന്ന ഓരോ കുട്ടിക്കും എഴുത്തും വായനയും ഉറപ്പിക്കൽ
- ഏറ്റവും നല്ല രീതിയിൽ നല്ല അന്തരീക്ഷത്തിൽ ശുചിയായും പോഷക സമൃദ്ധവുമായ ഉച്ച ഭക്ഷണം ഉറപ്പാക്കൽ
- ആധുനിക രീതിയിലുള്ള സംവിധാനത്തോടെയുള്ള വിദ്യാഭ്യാസം

- കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം

# നിലവിലെ അവസ്ഥ വിശകലനം

**2025 -26** ൽ **H.M** ഉൾപ്പെടെ നാല് അധ്യാപകർ , ഒരു പ്രീപ്രൈമറി ടീച്ചർ ,ആയ-**1**,

**PTCM-1,**പാചക തൊഴിലാളി -**1**

| ഇനം | നിലവിലുള്ളവ | ഇനിയും മെച്ചപ്പെടേണ്ടത് |
|---|---|---|
| അക്കാദമികം | • ഭാഷ ശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര അഭിരുചി വളർത്തൽ<br>• വായനയെ പ്രോത്സാഹിപ്പിക്കൽ<br>• ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠന യാത്രകൾ വർഷംതോറും സംഘടിപ്പിക്കൽ<br>• പോഷകാഹാര പരിപാടി<br>• ദിനാചരണം | കായിക പഠനം ,<br>കലാപഠനം ,<br>പ്രവൃത്തി പരിചയം<br>ഇവയിൽ അധ്യാപകർ ഇല്ല |
| | | • ഹൈടെക് ക്ലാസ് മുറികൾ |

| | | |
|---|---|---|
| ഭൗതികം | • ക്ലാസ് മുറികൾ 5<br>• പ്രവർത്തന സജ്ജമായ ലാപ്ടോപ്പുകൾ -3<br>• പാചകപ്പുര ചെറുത് -1<br>• ടോയ്ലറ്റ് ആകെ- 5 ഉപയോഗയോഗ്യം -4 | • ഓരോ ക്ലാസിലും അലമാര<br>• ഡൈനിങ് റൂം |
| സാമൂഹികം | പിടിഎ ,എസ് എം സി , ജനപ്രതിനിധികൾ,സാമൂഹ്യ സംഘടനകൾ ,പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായുള്ള ബന്ധം | സാമൂഹ്യ പ്രവർത്തകർ , പൂർവ്വ വിദ്യാർത്ഥി സംഘടന , നാട്ടുകാർ തുടങ്ങിയവരും ആയുള്ള ബന്ധം കൂടുതൽ ലഭ്യമാക്കുക . |

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പഠന പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികളെ മുൻപന്തിയിൽ എത്തിക്കാൻ ഉള്ള പ്രവർത്തനങ്ങൾ നടത്തുന്നു . തുടർന്നും കാര്യക്ഷമമാക്കൽ .<br>• പഠന പ്രവർത്തനങ്ങൾ ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ<br>• ഓരോ യൂണിറ്റിനും വിലയിരുത്തൽ ടെസ്റ്റുകൾ<br>• ക്ലാസ് ലൈബ്രറി നേരിട്ട് ഉപയോഗിക്കുന്ന തരത്തിലുള്ള സംവിധാനം<br>• ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ<br>• ഗണിത കിറ്റ് , ഗണിത ലാബ് , | • ഡൈനിങ് ഹാൾ<br>• കിച്ചൺ കംസ്റ്റോർ<br>• ഓഡിറ്റോറിയം<br>• മികച്ച പുതിയ ഒരു സ്കൂൾ കെട്ടിടം<br>• മാലിന്യ സംസ്കരണ പ്ലാന്റ്<br>• മുറ്റം ഇന്റർലോക്കിങ്<br>• വേനൽകാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നടപടി | • SSG യോഗങ്ങൾ<br>• പൂർവ്വ വിദ്ധ്യാർത്ഥി സംഘടന<br>• സ്കൂളിൽ പൊതു പ്രവർത്തകരുടെ സൗജന്യ സേവനങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• യോഗ ക്ലാസ്<br>• ഹരിത വിദ്യാലയം |

| | | |
|---|---|---|
| വർക്ക് ബുക്കുകൾ ഇവ ലഭ്യമാക്കൽ | | |

# പദ്ധതി വിശദാംശങ്ങൾ

**മേഖല : അക്കാദമികം** **ഉപമേഖല :ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളെ എഴുത്തിലും വായനയിലും മികവുറ്റരാക്കുക | • പ്രീ ടെസ്റ്റ് നടത്തുക<br>• പരിമിതികൾ കണ്ടെത്തുക<br>• പരിമിതികൾ മറികടക്കാൻ ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>• ക്ലാസ് സമയം കഴിഞ്ഞോ അതിനു മുൻപോ ഉള്ള സമയം കണ്ടെത്തുക<br>• വായന കാർഡുകൾ | ഹ്രസ്വകാലം | അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ഉപയോഗിക്കൽ<br>• കുട്ടി ലൈബ്രറി വികസിപ്പിക്കൽ<br><br>**<u>പുസ്തകം എന്റെ ചങ്ങാതി</u>**<br>• ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br>• വായന<br><br>**<u>എന്റെ പിറന്നാൾ പുസ്തകം</u>**<br>' പിറന്നാൾ പുസ്തകം ' എന്ന പരിപാടിയിലൂടെ പുസ്തക ശേഖരണം | ഹ്രസ്വകാലം<br><br>ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br><br>അധ്യാപകർ | പി.ടി.എ, ബി.ആർ.സി<br><br>പി.ടി.എ |

# ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും | • ഒന്നു മുതൽ നാലു വരെ ശാസ്ത്ര പഠനത്തിന് ആവശ്യമായ മെറ്റീരിയലുകൾ കണ്ടെത്തൽ<br>• സാമഗ്രികൾ വാങ്ങൽ<br>• പിടിഎയിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം<br>• ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ അലമാര<br>• ക്ലാസ് ലാബ് സജ്ജമാക്കൽ | ഹ്രസ്വ കാലം | അധ്യാപകർ ,ശാസ്ത്ര താല്പര്യമുള്ള രക്ഷിതാക്കൾ | P T A |

| | | | | |
|---|---|---|---|---|
| | • ശാസ്ത്ര ലൈബ്രറി സജ്ജമാക്കൽ<br>• ലാപ്ടോപ്പ് , പ്രൊജക്ടർ സംവിധാനം | | | |

## ഉപമേഖല : ഗണിത പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ഗണിത പഠനം ഫലപ്രദമാക്കൽ<br>• പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക<br>• അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | • പ്രീ ടെസ്റ്റ്<br>• പരിഹാര പാക്കേജ് തയ്യാറാക്കൽ<br>• ഗണിത കിറ്റ് തയ്യാറാക്കൽ<br>• വർക്ക് ബുക്കുകൾ ലഭ്യമാക്കൽ<br>• ലാപ്ടോപ്പ് ,പ്രൊജക്ടർ സംവിധാനം സജ്ജമാക്കൽ | ഹ്രസ്വകാലം | ചുമതലയുള്ള ഗണിത അധ്യാപകർ | |

# മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ | • മെച്ചപ്പെട്ട നിലവാരമുള്ളക്ലാസ് മുറികൾ<br>• പൊക്കമുള്ള സ്ഥലങ്ങൾ കൂടി ചുറ്റുമതിൽ<br>• നിലവിലുള്ള ചെറിയ പാചകപ്പുരയ്ക്ക് പകരം ആധുനിക സൗകര്യങ്ങൾ ഉള്ള പാചകപ്പുര സ്റ്റോർ റൂം<br>• ഭോജനശാല നിർമ്മിക്കൽ<br>• ഭാവിയിൽ ആറു മുറികളുള്ള കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കൽ<br>• കളിസ്ഥലം സജ്ജമാക്കൽ<br>• ഓഡിറ്റോറിയം നിർമ്മാണം | ദീർഘകാലം | **LSG**<br><br>**SSG** | **MLA FUND**<br><br>**LSG FUND** |

| | | | | |
|---|---|---|---|---|
| | • മുറ്റം ഇന്റർലോക്കിങ് | | | |

## മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കൽ | • വിദ്യാലയത്തിലെ ഓരോ മികവാർന്ന പ്രവർത്തനങ്ങളിലും പിടിഎ യുടെ സാന്നിധ്യം ഉറപ്പാക്കുക<br>• ആഘോഷങ്ങളിൽ നാട്ടുകാരെ പങ്കാളികളാക്കുക | ഹ്രസ്വകാലം | അധ്യാപകർ | ***SMC***<br>***PTA*** |

## പ്രതീക്ഷിത നേട്ടങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പഠന പ്രവർത്തനങ്ങൾ കുട്ടികളിലെ പഠനപിന്നോക്കാവസ്ഥ പരിഹരിച്ച് എഴുത്തിലും വായനയിലും കുട്ടികളെ മികച്ചവരാക്കി മാറ്റാൻ കഴിയും .

- സാമൂഹ്യ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക വഴി സ്കൂളിനെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയും .

- പൂർവ്വ വിദ്യാർത്ഥി സംഗമം മൂലം സ്കൂളിന്റെ ആവശ്യങ്ങൾ നേരിട്ട് സമൂഹത്തിൽ എത്തിക്കുവാനും പരിഹാരം കണ്ടെത്തുവാനും കഴിയും.

- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നത് സ്കൂളിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കും .ചുരുക്കത്തിൽ വിദ്യാലയത്തെ സമൂഹത്തിന്റ മുഖ്യധാര എത്തിക്കാൻ കഴിയും .

# <u>മോണിറ്ററിംഗ് രീതി</u>

സ്റ്റാൻഡേർഡ് ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ കുട്ടികൾ നേടേണ്ട ശേഷി നേടിയെന്ന് ഉറപ്പാക്കാനായി നിരന്തര വിലയിരുത്തൽ, യൂണിറ്റ് ടെസ്റ്റ് ,term മൂല്യ നിർണയം ഇവ പ്രയോജനപ്പെടുത്തുന്നു,ഓരോ കുട്ടിക്കും ക്രമാനുഗതമായി ഉണ്ടായ മാറ്റം കണ്ടെത്തി വിലയിരുത്താൻ പ്രഥമ അധ്യാപകന് സാധിക്കുന്നു .

# <u>ഉപസംഹാരം</u>

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്തു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും .എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു . അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും.പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കുവാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം .അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത് .സ്കൂളിനെ സ്നേഹിക്കുന്ന പൊതുസമൂഹത്തിന്റെ പിന്തുണ ഉറപ്പുവരുത്തി കൊണ്ട് ഇത് ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു .